*Celebrating Extraordinary Missionary Month October 2019…*

**Sunday, 13 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ആറാം ഞായർ

Lk 8:41-56

# വിശ്വാസത്തിന്റെ ശക്തി

Fr. Winson Moyalan CMI

സിനഗോഗധികാരി 12 വയസ്സായ സ്വന്തം മകളുടെ രോഗശാന്തിയ്ക്കായി യേശുവിനെ വീട്ടിലേയ്ക്ക് ക്ഷണിക്കുന്ന ഒരു വായനയോടെയാണ് ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത്. അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് പോകും വഴി ഒരു സ്ത്രീ വിശ്വാസത്തോടെ അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ച ഉടനെ 12 വർഷം പഴക്കമുള്ള അവളുടെ രക്തസ്രാവരോഗം സൗഖ്യമാക്കുന്നതായും നാം വായിക്കുന്നു. അതിനു ശേഷം യാത്ര തുടർന്നു മരിച്ചു പോയ സിനഗോഗധികാരിയുടെ മകനെ ഉയിർപ്പിക്കുന്നു.

ഒരേ വായനയിൽ രണ്ട് അത്ഭുതങ്ങൾ വായിക്കുന്ന ഈ ഭാഗത്തെ സാന്റ്-വിച്ച് ശൈലി എന്നാണ് വിളിക്കുന്നത്. രണ്ട് കഷണം അപ്പത്തിന്റെ നടുവിൽ ജാം തേയ്ക്കുന്ന ഭക്ഷണ രീതിപ്പോലെ ഇടയിൽ രക്തസ്രാവക്കാരി സ്ത്രീയുടെ സംഭവം എഴുതിയത് കൊണ്ടാണ് ഇതിനെ സാന്റ്-വിച്ച് ശൈലി എന്ന് പറയുന്നത്.

രക്തസ്രാവക്കാരിയിൽ സംഭവിച്ച അത്ഭുത പ്രവർത്തനങ്ങളെ വിശകലനം ചെയ്തു നോക്കാം. രക്തസ്രാവം അശുദ്ധമാണെന്ന് യഹൂദ പാരമ്പര്യം പറയുന്നു (ലേവ്യ 15:25). വംശവർദ്ധനവിനു വേണ്ടി ഒരു സ്ത്രീയിൽ ദൈവം അനുഗ്രഹിച്ചരുളിയ ക്രമീകരണത്തെപ്പോലും നിരാകരിച്ച് തള്ളി പറയുന്ന മനുഷ്യ മേധാവിത്വമാണ് ഈ നിയമം. ഇങ്ങനെയുള്ള അവസ്ഥയിൽ അവൾ സാമൂഹ്യ ജീവിതത്തിന് അശക്തയാണ്. ഒപ്പം മതപരമായ ജീവിതത്തിന് അപ്രാപ്യയുമാണ്. നാട്ടിലുള്ള വൈദ്യന്മാരുടെ ചികിത്സയെല്ലാം നടത്തി പാപ്പരായി തീർന്നവൾ. അവളുടെ അടുത്തു പ്പോലും വരാതിരിക്കാൻ ജനം ശ്രദ്ധ വച്ചു. അങ്ങനെ 12 വർഷമായി ജീവിതം മടുത്ത അവൾ യേശുവിന്റെ അത്ഭുത പ്രവർത്തിയെക്കുറിച്ചും, കാരുണ്യത്തെക്കുറിച്ചും കേൾക്കുന്നു.

യേശു ജീവിതകാലത്ത് ചെയ്ത 34 അത്ഭുതങ്ങളാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് : അതിൽ 18 എണ്ണം രോഗസൗഖ്യമാണ്. പ്രപഞ്ചശക്തികളെ നിയന്ത്രിക്കുന്ന 7 എണ്ണവും, പിശാചിനെ ബഹിഷ്ക്കരിക്കുന്ന 6 എണ്ണവും, മരിച്ചവരെ ഉയിർപ്പിക്കുന്ന 3 എണ്ണവുമാണ് ആ അത്ഭുതങ്ങൾ. ഇതിനെക്കുറിച്ചൊക്കെ കേട്ടറിഞ്ഞതിനാൽ അവനെയൊന്ന് സ്പർശിച്ചാൽപ്പോലും തന്റെ പഴക്കമുള്ള രോഗം മാറി കിട്ടും എന്നവൾ വിശ്വസിച്ചു. അപ്പോഴാണ് യാത്ര ചെയ്ത് പോകുന്ന യേശുവിനെ അവൾ കണ്ടെത്തുന്നത്.

പരസ്യമായി ആവശ്യപ്പെടാൻ പറ്റാത്തതിനാൽ രഹസ്യമായി അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുവാൻ അവൾ തീരുമാനിക്കുന്നു. വളരെ മൃദുവായ ഒരു സ്പർശനം. അവൾ ആഗ്രഹിച്ചത് അവൾക്ക് ലഭിച്ചു. പിന്നീട് നാടകീയമായ ചില കാര്യങ്ങളാണ് അവിടെ നടക്കുന്നത്.
അതു വരെ രക്തസ്രാവക്കാരിയായി രേഖപ്പെടുത്തിയവൾ "മകളെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന സംബോധനയാൽ ദൈവം അവളെ വിശുദ്ധീകരിക്കുന്നു.

അതിനു ശേഷം അവൻ യാത്ര തുടർന്നു. "മകൻ മരിച്ചു പോയി " എന്ന ദൂതുമായി ദൂതർ വന്നപ്പോഴും
ജായ്റോസ് സംശയിച്ചില്ല. കുഴലൂത്തുകാർ പരിഹസിച്ചപ്പോഴും അവൻ സംശയിച്ചില്ല. അവനോടും യേശു പറഞ്ഞു:
"ഭയപ്പെടേണ്ടാ,വിശ്വസിക്കുക മാത്രം ചെയ്യുക." മരിച്ചു പോയ ആ മകളെ ഉറങ്ങി കിടക്കുന്ന ഒരാളെ തൊട്ടുണർത്തിയപ്പോലെ കൈ പിടിച്ചു ഉയർത്തുന്നു.

ഈ രണ്ട് രോഗസൗഖ്യത്തിലും ചില സമാനതകളും വൈരുദ്ധ്യങ്ങളുമുണ്ട്:
ഒരാൾ യേശുവിനെ സ്പർശിക്കുന്നു. അവൾ മാനസികമായി മരിച്ചവളായിരുന്നു.  മരണ തുല്ല്യമായ ആ അശുദ്ധിയിൽ നിന്ന് അവൾ ഭേദപ്പെടുന്നു.
മറ്റൊരാളെ യേശു സ്പർശിക്കുന്നു. അവൻ മരണത്തിൽ പുനർജനിക്കുന്നു.

മരണം ഒരു പുതിയ ജീവിതം മാത്രം. യേശുവിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും. മരണം എന്നത് ഉണർന്നെഴുന്നേല്ക്കേണ്ട ഒരു രോഗം മാത്രം.
ജീവിച്ചിരിക്കുമ്പോൾ നമുക്ക് പ്രതിബന്ധമായി നില്ക്കുന്ന മലകൾപ്പോലും വിശ്വാസമുണ്ടെങ്കിൽ മാറിപ്പോകും.  അത്ഭുതങ്ങൾ യേശുവിന്റെ അറിവോടെയും, അറിവില്ലാതേയും നടക്കും. യേശുവിന്റെ രോഗശാന്തിശക്തി പ്രയോജനപ്പെടുത്താൻ മാത്രം വിശ്വാസം പ്രകടിപ്പിച്ചവരാണ് അനുഗ്രഹം പ്രാപിച്ചത്.

ലോകം പറയുന്ന കാര്യങ്ങളിൽ തെറ്റുപറ്റാം. യേശുവിനൊരിക്കലും തെറ്റുപറ്റില്ല. ലോകം പറഞ്ഞു, "കുഞ്ഞ് മരിച്ചു പോയി ". യേശു പറഞ്ഞു, "കുഞ്ഞ് ഉറങ്ങുകയാണ്." അതിനാൽ തെറ്റ് പറ്റാത്ത ദൈവവചനം പാലിക്കുക. ഒരു വിശ്വാസി മരണത്തെ എങ്ങനെ നോക്കി കാണണം എന്ന പാഠം കൂടിയാണ് ഈ സുവിശേഷ ഭാഗം. മനുഷ്യന് ദു:ഖിച്ചു കരയാനും, വിലപിക്കാനുമുള്ളതല്ല മരണം. ദൈവത്തിന് ഉണർത്താനുള്ളതും, എഴുന്നേല്പിക്കാനുമുള്ളതാണ്.

ദൈവത്തിലാശ്രയിക്കുന്നവരെ ദൈവം ഉയർത്തും:

1926-ൽ ഈ ലോകത്തിൽ നിന്നും മൺമറഞ്ഞു പോയ, കേവലം 50 വയസു മാത്രം ജീവിച്ച ഒരു കേരള കന്യകയെ  ക്രൈസ്തവ ലോകം  പ്രത്യേകം ഓർമ്മിക്കുന്ന പുണ്യദിനമാണിന്ന്.
വാ. മറിയം ത്രേസ്യ ഇന്ന് ഇന്ത്യൻ സമയം 2.30 ന് റോമിൽ വച്ച് വിശുദ്ധരുടെ പട്ടികയിലേക്ക് ഉയർത്തപ്പെടുന്നു.

എത്ര നാൾ ഈ ലോകത്തിൻ ജീവിച്ചു എന്നതല്ല എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം. ഒരു വിശുദ്ധ ഉരുവാക്കപ്പെടുന്ന സാമൂഹ്യ സാഹചര്യങ്ങളല്ല അവൾ ജീവിച്ചിരുന്ന കാലഘട്ടം.
ഒട്ടും പുരോഗമനം ഇല്ലാത്ത ഒരു നാട്. ഇന്ന് ഇരിങ്ങാലക്കുട രൂപതയുടെ ഭാഗമായ പുത്തൻചിറ.
12 വയസിൽ പെറ്റമ്മയെ നഷ്ടപ്പെട്ടു. പിതാവ് മദ്യപാനത്തിന് അടിമ. നിതാന്ത സഹനങ്ങൾ അവളുടെ സന്തതസഹചാരിയായിരുന്നു. എങ്കിലും ദൈവത്തിലുള്ള വിശ്വാസത്തിൽ അവൾ അടിയുറച്ചു നിന്നു. അവളുടെ ജീവിതം കർത്താവിന് പൂർണ്ണമായി അടയറ വച്ചു. അവളുടെ അനിതരസാധാരണമായ ദൈവാനുഭവങ്ങളെ സഭാദ്ധ്യക്ഷൻ വരെ സംശയിച്ചു. നാട്ടുകാർ ഭ്രാന്തിയെന്ന് മുദ്രകുത്തി. എന്നാൽ അവളുടെ ദൈവീകാനുഭൂതികളെ തിരിച്ചറിയാൻ അവളുടെ വികാരിയും ആത്മീയ പിതാവുമായ ഫാ. ജോസഫ് വിതയത്തിലിനെ ദൈവം ഏർപ്പാടാക്കി. ആത്മീയ പിതാവിന്റെ തന്നെ ആത്മഹർഷത്തിന് പിന്നീടവൾ കാരണമായി. അവളുടെ ആത്മീയതയുടെ ചുവടു പറ്റി ജീവിച്ച ഫാ.ജോസഫ് വിതയത്തിലും ധന്യൻ എന്ന പദവിയ്ക്ക് യോഗ്യനായി.

സ്ത്രീകൾ വീടിന് പുറത്തു പോകാനനുവാദമില്ലാതിരുന്ന ഒരു കാലം. എന്നിട്ടും അവൾ വീടുകൾ തോറും കയറിയിറങ്ങി രോഗീപരിചരണവും, സമാശ്വാസവും നല്കി. മറ്റുള്ളവർ എന്തും പറഞ്ഞുകൊള്ളട്ടെ!  ദൈവത്തിന്റെ അനുകമ്പയും കരുണയും കണ്ടുമുട്ടുന്നവരിലൊക്കെ വാരികോരിച്ചൊരിഞ്ഞു. വിമർശനം മലപ്പോലെ ഉയർന്നു വന്നു. അതെല്ലാം ദൈവപരിപാലനയിൽ ആശയിച്ച് അവൾ തന്റെ പ്രേഷിത പ്രവർത്തനം തുടർന്നുകൊണ്ടേയിരുന്നു.

ധാരാളം സ്ത്രീകൾ അവളുടെ സന്തതസഹചാരികളായി വന്നെത്തി. അവരെയൊക്കെ കൂട്ടി ചേർത്ത് "തിരുകുടുംബ സഭ " എന്ന പേരിൽ കുടുംബ പ്രേഷിതത്വത്തിന് പ്രത്യേക ഊന്നൽ കൊടുത്ത് ഒരു  പുതിയ സഭ സ്ഥാപിക്കുവാൻ ദൈവം അവളെ ഉപകരണമാക്കി.

കേരള നാട്ടിലെ ആദ്യ പഞ്ചക്ഷത ധാരിണിയായിരുന്നു അവൾ. ഈ ദൈവാനുഗ്രഹത്തേയും സഭാധികാരികൾ വരെ സംശയത്തോടെ വീക്ഷിച്ചു. ഇന്നത്തെപ്പോലെ വിശ്വാസ പരിശീലന വേദികളില്ല. എന്നിട്ടും അവൾ എക്കാലത്തേയും വലിയ വിശ്വാസിയായി തീർന്നു. അതു വരെ ആരും ചിന്തിക്കാതിരുന 'കുടുംബ പ്രേഷിതത്വം' എന്ന ഒരു പുതിയ പ്രേഷിത ശാഖ കുഴിക്കാട്ടുശ്ശേരി എന്ന ഗ്രാമത്തിൽ പൊട്ടി

മുളച്ച് വളരെ ശ്രദ്ധേയമായ രീതിയിൽ ആഗോളസഭ മുഴുവൻ പ്രചുരപ്രചാരത്തിലായി.

കൊച്ചുത്രേസ്യ, അമ്മ ത്രേസ്യ, മദർ തെരേസ എന്നിവരുടെ പട്ടികയിൽ ഇതാ ഒരു മറിയം 'ത്രേസ്യ' കൂടെ അതേ ഒക്ടോബർ മാസത്തിൽ തന്നെ അൽത്താരയിലേയ്ക്ക് ഉയർത്തപ്പെടുന്നു.

"കുടുംബം ഒരു ഗാർഹിക സഭ " എന്ന തിരുസഭാ പഠനത്തിന് ഏറ്റവും അർത്ഥവത്തായ സംഭാവന നല്കിയ ഈ അമ്മയുടെ മാദ്ധ്യസ്ഥ്യത്തിൽ നമ്മുടെ കുടുംബങ്ങളെ ദൈവ പിതാവിന് സമർപ്പിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry